Wings of Memories……

G H S VARAMBETTA

ഗവ: യു.പി.സ്കൂൾ വാരാമ്പറ്റ
"ബെസ്റ്റ് പി.ടി.എ.അവാർഡ്-2010-11.സ്മാരക ഗേറ്റ്
ഗവ: ഹൈസ്കൂൾ , വാരാമ്പററ

ആമുഖം

ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സാധ്യതകൾ നമ്മുടെ വായന സംസ്കാരത്തെ കൂടി പുനർ നിർവചിച്ച് തുടങ്ങിയിരിക്കുന്നു .

അത്തരം സാധ്യതകളാണ് 2019-20 വർഷത്തെ ലിറ്റിൽ കൈറ്റ് ഡിജിറ്റൽ മാഗസിൻ എന്ന ആശയത്തെ യാഥാർത്യമാക്കിയത് .

വാരാമ്പറ്റ ഗവ ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ് യൂണിറ്റ് അംഗങ്ങളുടെ സ്വാർഥകരമായ പരിശ്രമങ്ങളുടെ ആ കെ തുകയായ ഈ ഡിജിറ്റൽ മാഗസിൻ എല്ലാവരുടെയും വായന അനുഭവത്തിൽ തുറന്ന് വെക്കുന്നു .

ആശംസ.....

പ്രിയ കൂട്ടുകാരെ.....

വാരാമ്പറ്റ ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ് വിഭാഗം തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ മികച്ച രീതിയിൽ

പൂർത്തിയാക്കിയതിൽ വളരെ അധികം സന്തോഷം. എഴുത്തിന്റെ വഴിയിൽ കൂടുതൽ ശോഭിക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു .....

സ്നേഹത്തോടെ ,

ജെയിംസ് [ഹെഡ് മാസ്റ്റർ]

മാഗസിന് പിന്നിൽ……..

Abdul Gafoor(S I T C)

Jamshad(KITE MASTER)

Sajira Beegum(KITE MISTRESS)

Hasna(STUDENT EDITOR)

Shamliya(KITE LEADER)

Shafi

Salman

Shamnad

ഉള്ളടക്കം

ബാണാസുര സാഗർ ഡാം

A Poem For Mom

ചാവ്വങ്ങ

മാജിക് മഷ്റൂം

Memories of our school

Tribes

ബാണാസുര സാഗർ ഡാം

കൽപ്പറ്റയിൽ നിന്നും 21 കിലോമീറ്റർ സഞ്ചരിച്ചാൽ വയനാട്ടിലെ പ്രശസ്തമായ ബാണാസുര സാഗർ ഡാമിലെത്താം. കബനി നദിയുടെ കൈവഴിയിലാണ് മനോഹരവും പ്രൗഢവുമായ ബാണാസുര സാഗർ ഡാം സ്ഥിതിചെയ്യുന്നത്. 1979 ൽ ആരംഭിച്ച ബാണാസുര സാഗർ പ്രൊജക്ടിന്റെ ഭാഗമായാണ് ബാണാസുര സാഗർ ഡാം പണികഴിപ്പിച്ചത്. ഇന്ത്യയിലെ ഏറ്റവും വലുതും ഏഷ്യയിലെ രണ്ടാമത്തേതുമായ

എർത്ത് ഡാമാണ് ബാണാസുര സാഗർ ഡാം. ഇവിടത്തെ ചെറു ദ്വീപുകൾ ചുറ്റുമുള്ള മായക്കാഴ്ചകളിലേക്ക് നിങ്ങളെ കൊണ്ടുപോകുന്നു. നിരവധി ആളുകൾ പശ്ചിമഘട്ടത്തിലേക്കുള്ള ട്രക്കിംഗ് ആരംഭിക്കുന്നത് ബാണാസുര സാഗർ ഡാമിൽനിന്നാണ്. ഇന്ത്യക്കാരും അല്ലാത്തവരുമായ സഞ്ചാരികൾക്കിടയിൽ വളരെ ജനപ്രീതിയുള്ള ഒന്നാണ് ബാണാസുര സാഗർ ഡാം.

Salman K

A Poem For Mom

You are the sunlight in my day.

You are the moon I see far away.

You are the tree I lean upon.

You are the one that makes troubles be gone.

You are the one who taught me about life,

How not to fight and what is right.

You are the words inside my song.

You are my love, my life, my mom.

You are the one who cares for me.

You are the eyes that help me see.

You are the one who knows me best,

When its time to have fun and time to rest.

You are the one who has helped me to dream.

You hear my heart and you hear my screams.

Afraid of life but looking for love.

Im blessed, for God sent you from above.

You are my friend, my heart, and my soul.

You are the greatest friend I know.

You are the words inside my song.

You are my love, my life, my mom

Misna Sherin

ചാമ്പങ്ങ.....

ഒരിടത്തൊരിടത്ത് ഒരു അപ്പൂപ്പനും അമ്മൂമ്മയും ഉണ്ടായിരുന്നു.

അവരുടെ വീടിനു മുന്നിൽ ഒരു ചാമ്പ മരം ഉണ്ടായിരുന്നു. ആ ചാമ്പ മരത്തിൽ നിറയെ ചാമ്പങ്ങ ഉണ്ടായി.

ചാമ്പമരം മുഴുവൻ ചാമ്പങ്ങ പഴുത്തു കിടക്കുന്നത് കാണുവാൻ നല്ല രസമായിരുന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം അമ്മൂമ്മ അപ്പൂപ്പനോട് പറഞ്ഞു.

"എന്ത് രസമാണ് ചാമ്പങ്ങ പഴുത്തു കിടക്കുന്നതു കാണുവാൻ.

നമുക്ക് "ശരിയാ , ഇതാർക്കും കൊടുക്കേണ്ട. നമുക്കും കഴിക്കേണ്ട.

എന്നും കണ്ടു കൊണ്ടിരിക്കും."

അപ്പൂപ്പനും അമ്മൂമ്മയും ചാമ്പയ്ക്ക് കാവലിരുന്നു.അവർ ചാമ്പങ്ങ പറിക്കാൻ വന്ന കുട്ടികളെയെല്ലാം ഓടിച്ചു. അവർ പഴുത്തു ചുവന്ന ചാമ്പങ്ങ സന്തോഷത്തോടെ കണ്ടു കൊണ്ടിരുന്നു.

അങ്ങനെയിരിക്കെ അവരുടെ ചാമ്പങ്ങ രാത്രിയിൽ ആരോ പറിക്കുന്നുണ്ടെന്ന് അവർക്കു മനസിലായി. അവർ ആളെ കണ്ടുപിടിക്കാൻ തീരുമാനിച്ചു. അത് ഒരു മരപ്പട്ടിയാണെന്ന് അവർക്ക് മനസിലായി.

അപ്പൂപ്പനും അമ്മൂമ്മയും മരപ്പട്ടിയെ എങ്ങനെ പിടിക്കാം എന്ന് തല പുകഞ്ഞാലോചിച്ചു. അങ്ങനെ അമ്മൂമ്മക്കൊരു ഒരു ബുദ്ധി തോന്നി.

അമ്മൂമ്മ പറഞ്ഞു . "രാത്രി ആകുമ്പോൾ അപ്പൂപ്പൻ ചാമ്പ മരത്തിനു മുകളിൽ ഇരിക്കണം. മരപ്പട്ടി വരുമ്പോൾ അതിനെ കുലുക്കി

താഴേക്കിടണം. ഞാൻ ഒരു വടിയുമായി താഴെ ഇരിക്കാം. ഞാൻ അതിനെ അടിച്ചു കൊല്ലാം." അപ്പൂപ്പൻ സമ്മതിച്ചു.

അങ്ങനെ രാത്രിയായി. അപ്പൂപ്പൻ ചാമ്പ മരത്തിനു മുകളിൽ പുതയ്യു മൂടി ഇരുന്നു. അമ്മൂമ്മ ചാമ്പ മരത്തിന്റെ ചുവട്ടിലും ഇരുന്നു. കുറെ നേരമായിട്ടും മരപ്പട്ടി വന്നില്ല. അപ്പൂപ്പന് ഉറക്കം വന്നു തുടങ്ങി. അപ്പൂപ്പൻ അങ്ങനെ ഇരുന്ന് ഉറങ്ങിപ്പോയി. ഉറങ്ങി മരത്തിൽ നിന്നു താഴേക്കു വീണു.

രാത്രിയല്ലേ അമ്മുമ്മക്കുണ്ടോ കണ്ണു കാണാൻ പറ്റുന്നുള്ളു! അമ്മൂമ്മ മരപ്പട്ടിയാണെന്നു വിചാരിയ്ച് അപ്പൂപ്പനെ അടിയോടടി

അപ്പൂപ്പൻ വേദന കൊണ്ട് ഉച്ചത്തിൽ നിലവിളിക്കാൻ തുടങ്ങി. നിലവിളിക്കുന്ന ശബ്ദം കേട്ടപ്പോൾ അമ്മൂമ്മക്ക് തോന്നി."ഇത് മരപ്പട്ടിയുടെ സ്വരമല്ലല്ലോ. ഒരു മനുഷ്യന്റെ സ്വരം ആണല്ലോ ?" അമ്മൂമ്മ പുതപ്പു മാറ്റി നോക്കിയപ്പോൾ , അതാ പാവം അപ്പൂപ്പൻ അടി കൊണ്ട് അവശനായി കിടക്കുന്നു. അമ്മൂമ്മക്കും വിഷമ പിന്നീട് അവർ എല്ലാവർക്കും ചാമ്പങ്ങ കൊടുക്കാൻ തുടങ്ങി.

കുട്ടികളുടെസന്തോഷംകണ്ടപ്പോൾഅവർക്കുംസന്തോഷംതോന്നി.

Priya Meri

Tribes

Wayanad, the panoramic hill of malabar in the northern Kerala, situated above the sea level ranges between 700 meters to 2100 meters, is a homeland of various

tribal communities.They can be prominently classified into Paniyas, Adiyas, Kattunayakans, Kurichiyans,Kurumas,Ooralis, Uraali Kurumas etc.

The Paniyas

A vast majority of tribes in Kerala state hail from the Paniya tribal sect. Paniyas inhabit in the regions of Wayanad and the neighboring parts of Kannur and Malappuram.

Paniyas, tribes, Wayanad, Kerala, IndiaAs bond

labourers, the Paniyas were once sold along with plantations by the landlords.

They were also employed as professional coffee thieves by higher castes. The name 'Paniyaan' means 'worker' as they were supposed to have been the workers of non - tribes.

Monogamy appears to be the general rule among the Paniyas. In marriage bride price is practiced like many other tribal communities. Widow remarriage is allowed. They do not practice pre-puberty marriage.They have only a crude idea of religion. Their major deity, is called 'Kali'. They also worship Banyan tree. They hesitate to cut such trees and if anyone attempts to cut such trees, they fall sick.

Due to the various tribal welfare programmes by the government, a change has set in the lives of Paniyas.

Farhana,Ameera<jumana

The Adiyas

Adiyas, tribes, Wayanad, Kerala, IndiaThe Adiyas are known as 'Ravulayar' traditionally. The Adiya, like the Paniya, is one of theslave sects in Kerala. In the nuclear Adiya tribal family the husband is the head of the house. Bride price is given to the parents of the bride by the groom. Divorce, widow marriage etc., are permitted. Polygamy is also practiced.

No punitive measure (like ostracizing of the sex offender, as one can see among Kurichias) is prevalent among the Adiyas for sex offences. Even if their woman commits such offences they are allowed to undergo purificatory ceremony known as 'Kalachu Veypu' to join their community back.

The Kattunayakan

The Kattunayakan community is found in Wayanad, Kozhikode and Malappuram districts. They are also called Cholanaickan, in the interior forests of Nilambur area of Malappuram, Kuttunayakan, tribes, Wayanad, Kerala, Indiaand Pathinaickans, in the plains of Malappuram districts.

As their name denote, the Kattunayakan were the kings of the jungle regions engaged in the collection and gathering of forest produces. They are known as Ten Kurumar since they collect honey from the forest. They have all the physical features of a hilltribe. Their language is a mixture of all Dravidian languages.

They worship animals, birds, trees, rock hillocks and snakes. They are firm believers in black magic and sorcery. They also worship their ancestors, along with worshipping Hindu deities.

The Kurichya

The Kurichiyans are an agricultural tribal community. Up to some decades ago untouchability had been fairly and widely practiced by these tribals. They have clean food habits and keep their houses, premises and dress always clean. They are matrilineal and live in joint families, under the control of their chieftain called 'Pittan'. The members of the extended family work together and put their earnings in the same purse. The Kurichiyans prefer cross-cousin marriage to any other marriage alliances. They do not practice polyandry.

Their social control mechanism was most efficient, offenders being excommunicated. Many of the excommunicated Kurichians are now educationally and economically better compared to the traditional Kurichians.

Ramsheena,Hana

MEMORIES OF OUR SCHOOL

I Started my schooling 9 years ago at G H S Varambetta.
School was founded 100 years ago. I had a lot of friends.
All of them are really dear to me. We used to play in the intervals
near the school ground. We enjoyed it very much. Most of my friends are still
with me. I am so happy that I have such good friends and teachers. I really
love to be hear in the school .

Shibili

തൃശ്ശൂർ പൂരം

ലോക ശ്രദ്ധയാകർഷിക്കുന്ന പൂരങ്ങളുടെ പൂരമാണ് തൃശ്ശൂർ പൂരം. ഏകദേശം 200 വർഷത്തെ ചരിത്ര പാരമ്പര്യമുള്ള തൃശ്ശൂർ തുടക്കം കുറിയ്ക്കത് ശക്തൻ തമ്പുരാനാണ്. പൂരം കാണുവാനായി വിദേശത്തു നിന്നും സ്വദേശത്തുനിന്നും പതിനായിരക്കണക്കിന് ആളുകളാണ് തൃശ്ശൂർ നഗരിയിലേക്ക് ഒഴുകിയെത്തുന്നത്. മേടമാസത്തിലെ പൂരം നക്ഷത്രത്തിലാണ് തൃശ്ശൂർപൂരം ആഘോഷിക്കുന്നത്. ആനകൾ, കുടമാറ്റം, മേളം, വെടിക്കെട്ട് തുടങ്ങിയവാണ് പൂരത്തിൻ്റെ പ്രധാന ആകർഷണങ്ങൾ.

Sana

മികവിലേക്ക്.....

ഇന്ത്യയിലെ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന അതി മനോഹരമാർന്ന അണക്കെട്ടായ ബാണാസുര സാഗറിൽ നിന്നും സൗന്ദര്യത്തെ തേടി ഒഴുകുന്ന ജലം ഒടുവിൽ എത്തുന്നത് വാരാമ്പറ്റയിലാണ്. വാരാമ്പറ്റയുടെ ഹൃദയത്തിൽ തല ഉയർത്തി നിൽക്കുന്ന സുന്ദരമായ വിദ്യാലയം ! ഇപ്പോൾ നൂറാം നിറവിൽ " കൗമാരത്തിലേക്ക് " പ്രവേശിക്കുകയാണ്.

ആയിരത്തി തൊള്ളായിരത്തി ഇരുപത് ഗുരുകുല വിദ്യാലയമായി തുടങ്ങിയ സ്ഥാപനം പിന്നീട് എൽ.പി.സ്കൂളായും കാലക്രമേണ യു.പി.സ്കൂളായും മികവ് കാരണം ഹൈ സ്കൂളായും മാറി. മികച്ച അദ്ധ്യാപകരും, കലാ-സാഹിത്യ-ശാസ്ത്ര രംഗത്ത് മികവ് പുലർത്തുന്ന വിദ്യാർത്ഥികളും, കൊണ്ട് സമ്പന്നമാണ് ഇന്നത്തെ ജി.എച്ച്.എസ്.വാരാമ്പറ്റ !

എ.സി.പോക്കർ ഹാജി എന്ന മഹത് വ്യക്തിയുടെ സ്ഥല സംഭാവനയാണ് ഈ വിദ്യാലയത്തിന്റെ അടിത്തറ ! തുടർച്ചയായി രണ്ട് വർഷം " എസ്.എസ്.എൽ.സി " പരീക്ഷയിൽ നൂറ് മേനിയിൽ തിളങ്ങി കൊണ്ട് പുതു പടവുകൾ താണ്ടാനുള്ള ഗമനത്തിലാണ്.

അറിവിന്റെ മാധുര്യം നുകരാനായി, ആയിരത്തോളം വിദ്യാർഥികളാണ് ശലഭങ്ങളെ പോലെ പാറിപ്പറന്ന്, അവിടെ എത്തുന്നത്.

പൂക്കളെ പോലെ , തങ്ങളുടെ അറിവ് പകർന്നു നൽകാൻ വേണ്ടി കാത്തിരിക്കുന്ന അദ്ധ്യാപകർ മാതൃകാപരമാണ്.

ആദ്യകാലത്തിലുള്ളതിനേക്കാൾ , സൗകര്യങ്ങളോടെ പഠനം നടത്തി വരുകയാണ്, ഈ സ്ഥാപനം ! ഹൈസ്കൂൾ ക്ലാസുകളെല്ലാം ഹൈ ടെക് സംവിധാനമൊരുക്കി , മികച്ച വിദ്യാഭ്യാസം , ഉന്നത പഠനം പൂർത്തിയാക്കിയ അദ്ധ്യാപകർ , പഠനതാൽപര്യരായ വിദ്യാർഥികൾ ... തുടങ്ങി നിരവധി പഠന സാഹചര്യങ്ങൾ ..

പ്രകൃതിയോടിണങ്ങിയ പഠനം സാധ്യമാക്കാനായി , ദൈവം അറിഞ്ഞ് തന്നത് പോലെ , ചുറ്റും മരങ്ങളും കുന്നുകളും കൊണ്ട് സമ്പന്നം!
അങ്ങനെയുള്ള സ്കൂളിന് മുന്നിൽ സുന്ദരമായതും അനന്തമായതുമായ നെൽപാടം! നെൽകൃഷിയുടെ ഓരോ ഘട്ടവും ഓരോ വിദ്യാർഥിയും കൺ മുന്നിൽ കണ്ട് മനസിലാക്കുന്നത് പോലെ , ഓരോ അറിവും ഓരോ കുട്ടിയും നേരിൽ കാണുന്നത് പോലെ പഠിക്കുന്നു .

ശാസ്ത്ര രംഗത്തെ മികവ് തികച്ചും അവിശ്വസനീയമാണ്. മികച്ച ശാസ്ത്ര ലാബും , പഠനവും സ്കൂളിന്റെ സവിശേഷതയാണ്.

ഗതാഗത യോഗ്യമായതിനാൽ ഇപ്പോൾ സ്കൂൾ ബസ് സംവിധാനം ഉണ്ട്.





മാത്രമല്ല ,മികച്ച ഐ .ടി .വിദ്യാഭ്യാസം .നല്ല പഠനം സാധ്യമാക്കാനായി ഐ .ടി .ലാബ് സൗകര്യം ഉണ്ട്.

ഇനിയും മികവിന്റെ പടവുകൾ തേടി പിടിക്കാനുള്ള ഗമനത്തിലാണ് വാരാമ്പറ്റ ഹൈസ്കൂൾ .....

Nida

മാജിക് മഷ്റൂം

അവളങ്ങനെ സമാധാനിപ്പിച്ചെൻ്കിലും, അവൾക്കും മനസിലെവിടെയൊ ഒരു ഭയം ഒളിഞ്ഞു കിടക്കുന്നുണ്ടായിരുന്നു. അല്ലെൻ്കിലും, തന്റെ ശരീരം കീറിമുറിക്കാൻ വേണ്ടി കൊണ്ടു പോകുമ്പോൾ ആർക്കാണ് ഭയം ഇല്ലാതിരിക്കുക. 4 മാസമായി ഓപറേഷന് തിയ്യതി തീരുമാനിച്ചിട്ട്! അന്നായിരുന്നു.ആ ദിനം ! അവൾ ഉള്ളിൽ ഏറെ ഭയപ്പെടുന്നുണ്ടായിരുന്നു. എൻകിലും അമ്മയുടെ നിഷ്കളൻകമായ മുഖത്തേക്ക് നോക്കി "പേടിയാണമ്മേ" എന്ന് പറയാൻ അവൾക്ക് മനസ്സു വന്നില്ല ;അമ്മയാണറിവിന്റെ നിറകുടം , അമ്മയുടെ മനസ്സിലെ ചിന്ത അവൾ മാത്രമാണ്, അവൾ വീൽചെയറിൽ ഇരുന്നു കൊണ്ട് ചിന്തിക്കാൻ തുടങ്ങി : തനിക്ക് അന്ന് നന്നാവാമായിരുന്നില്ലെ ? മറ്റൊരു കാര്യമെടുത്താൽ, അമ്മയെ അവൾക്ക് ഭയം ഉണ്ടായിരുന്നില്ല . കുട്ടിയായിരുന്നപ്പോൾ തന്നെ ആവശ്യത്തിലേറെ ലാളിച്ചിരുന്നു . കൗമാരക്കാരിയായ അവളെ അടക്കി നിർത്താൻ ആ പാവം അമ്മക്ക് കഴിഞ്ഞിരുന്നില്ല .വൈകുന്നേരമുള്ള ഒരു ക്ലാസിനും വിടരുത് എന്ന് അമ്മമ്മ പറഞ്ഞിരുന്നു, അമ്മ പറഞ്ഞു: "എന്നെ പോലെ വിധവയാക്കാനും ഒറ്റക്കാക്കാനും ഞാനില്ല ,അവൾ പഠിക്കണം! ഒരു നല്ല ഉയർച്ചയുള്ള ജോലി വേണം"

വൈകുന്നേരത്തെ ക്ലാസ് പിന്നീടവൾക്ക് മടുപ്പ് തോന്നി .അവൾ ഒരു ദിവസം ക്ലാസിന് കയറിയില്ല . അമ്മയുടെ ആഗ്രഹത്തിന് അവൾ വേലി കെട്ടി റോഡരികിൽ നിന്ന് മൊബൈലിൽ കളിച്ച് സമയം പോക്കി . അതവൾക്കൊരു

ഹരമായി .അവൾ ഇത് ആവർത്തിക്കാൻ തുടങ്ങി .അവൾക്ക് സുരക്ഷ ഒരുക്കാറുണ്ടായിരുന്ന ആ മതിൽ അന്നവൾക്ക് സുരക്ഷ ഒരുക്കാൻ മറന്നുപോയി . കാലൻ വന്നത് ആ ദിവസമായിരുന്നു .റോഡരികിലുള്ള ഒരു പല ചരക്കു കടയിലേക്ക് അവളുടെ കണ്ണുകൾ പതിച്ചു . ചിന്തകളെ തട്ടിയുണർത്തി കൊണ്ട് സിസ്റ്റർ സൂചി ആഴ്ത്തി കുത്തി . ബോധം നഷ്ട്ടപ്പെട്ടു എന്ന് ബോധം വന്നപ്പോഴാണ് അറിഞ്ഞത് . ഓപറേഷൻ കഴിഞ്ഞു എന്നാണ് കരുതിയിരുന്നത് . എന്നാൽ , ആ ഓപറേഷൻ 2 ദിവസം കഴിഞ്ഞാണ് എന്ന്

ഒരു സേവനം ചെയ്യുന്ന പെൺകുട്ടി പറഞ്ഞു . മനസിന് ഒരു സമാധാനം കിട്ടി. പോലീസ് ,റൂമിന്റെ വാതിൽ തുറന്നു അകത്തേക്ക് വന്നു . ചോദ്യങ്ങളുടെ കെട്ടഴിക്കാൻ തുടങ്ങി : എന്താണ് സംഭവിച്ചത്? അവൾ ആകെ ഞെട്ടി . അവൾ ക്ലാസിന് പോവാതെ പല ചരക്ക് കടയുടെ മുൻപിലെ മതിലിലിരുന്ന് ആ കടയിലെ പെൺകുട്ടിയോടൊത്ത്, മാജിക് മഷ്റൂം എന്ന അതി ഭയങ്കരമായ ലഹരി കഴിച്ചതും സിഗരറ്റ് വായിൽ വച്ച് വലിച്ച് ആഹ്ലാദിച്ചതും ,ഒക്കെ ആ വനിതാ പോലീസുകാരിയോട് പറഞ്ഞു .

പോലീസ് പുറത്ത് പോയത് അറിഞ്ഞില്ല . അവൾ മുന്നോട്ട് ആലോചിച്ചു . ആ കടയിലെ ഉടമയുടെ മകൾ എപ്പോഴും അവിടെയിരുന്ന് സിഗരറ്റ് വലിക്കുന്നത്

അവൾ കാണുമായിരുന്നു . ഒരു ദിനം ആ കുട്ടി അവളോട് ചോദിച്ചു : " നീ ആരാണ്? നിന്റെ പേരെന്താണ്?"

അവൾ ഉത്തരം പറഞ്ഞു : " ഞാൻ ഈ അടുത്ത കോളേജിൽ പഠിക്കുകയാണ്. പേര് അനാമിക ."

പെൺ കുട്ടിയുടെ സൗഹൃദത്തിൽ അവൾ സ്വന്തം ശരീരം പോലും മറന്നിരുന്നു . മാജിക് മഷ്റൂം എന്നാൽ ഒരു തരം ലഹരിയാണ്. മണ്ണിൽ മുളക്കുന്ന കൂൺ ആണിത്. അതിനെ കാണാൻ ശരിക്കും സാധാരണ വൻ കൂൺ തന്നെയാണ്.

കൂൺ തേനിൽ മുക്കി കഴിക്കലാണ് . പിന്നീട് പത്ത് മണിക്കൂർ നേരം സ്വബോധം ഉണ്ടാവില്ല . തലച്ചോറിനെ ബാധിക്കുന്ന ഒരു ലഹരിയാണിത് .വൈകുന്നേരം എന്നതു മാറ്റി രാവിലെ ക്ലാസ് ഉണ്ടെന്ന് പറഞ്ഞ് നേരത്തെ പോവും ക്ലാസിൽ കയറാതെ ഹോട്ടലിൽ മുറിയെടുത്ത് മാജിക്ക് മഷ്റൂം കഴിക്കും .മൂന്ന് മാസം തുടരെ കഴിച്ചതിനാൽ ബ്രെയിനിന് വിള്ളൽ വന്നതാണ് .വീട്ടിൽ നിന്ന് പുറത്ത് പോയി പണം ചിലവഴിച്ച് മാജിക് മഷ്റൂം മേടിച്ച് കഴിക്കുന്നത് അവൾ ശീലമാക്കിയിരുന്നു . അത് അമ്മ അറിഞ്ഞത് ഡോക്ടർ സർജറി വേണമെന്ന് വിധിയെഴുതിയപ്പോഴാണ് .പാവം !ആ നിമിഷം നെഞ്ച് പൊട്ടിക്കുന്നതായിരുന്നു .ബ്രെയിനിലെ വിള്ളൽ കാരണം

ഒന്ന് പൊട്ടിക്കരയാൻ വരെ അവൾക്കായില്ല .2 ദിവസം അതിവേഗം കടന്ന് പോയി .മനസിന്റെ പിടപ്പിനെ പിടിച്ച് നിർത്താൻ കഴിഞ്ഞില്ല .മരിക്കാതെ മരിക്കുകയായിരുന്നു അവൾ . ആ നഴ്സ് വീണ്ടും വന്നു .ഒരു ദീർഘ നിശ്വാസത്തോടെ സൂചി കുത്തിയിറക്കി .2,3 മണിക്കൂറിന് ശേഷം ഡോക്ടർ പുറത്ത് വന്നു . കലങ്ങിയ കണ്ണുകളിൽ കണ്ണ് സ്ഥിരപ്പെടുത്താതെ ഡോക്ടർ തന്റെ കണ്ണുകളെ നിലം കുത്തിച്ചു .ഡോക്ടറുടെ ശബ്ദം നെഞ്ചിലേക്ക് തുളച്ചു കയറി ,അതും ആ അമ്മയുടെ ! "അനാമികയെ എനിക്ക് രക്ഷിക്കാനായില്ല .അവൾ നമ്മിൽ നിന്നും അകന്ന് പോയി .”

ആശുപത്രി നിശ്ചലമായി .കാറ്റിന്റെ ചലനം നിന്നു . തിരമാലകൾ നിർജീവയമായി . ആ അമ്മ തളർന്നു .
ആ അമ്മയെ എങ്ങനെ സമാധാനിപ്പിക്കണമെന്ന് ചിന്തിച്ച് നിന്ന ഡോക്ടറോട് അമ്മ പറഞ്ഞു ഒരു അമ്മക്കും ഈ ഗതി വരാതിരിക്കട്ടെ.....
ഇത് ലോകം അറിയണം, ഒരു മുന്നറിയിപ്പായി .അമ്മമാർക്കും കുട്ടികൾക്കും . മക്കളെ അഴിച്ച് വിടരുത് . അവരെ കെട്ടിയിടുകയും അരുത് .പക്ഷെ കയർ കയ്യിലായിരിക്കണം.....

Hasna,Shamliya

ബാല്യം

അമൂല്യ ഓർമകളുടെ വസന്ത കാലം
അമ്മതൻ പൊന്നുണ്ണിയായ കാലം
കുട്ടിത്തമേറെ നിറഞ്ഞ കാലം
കളികളിലേറെ മുഴുകിയ കാലം
എത്തിപ്പിടിക്കാൻ പറ്റുകില്ലല്ലോ....

മാനത്തെ താരകളെണ്ണിയ നേരം,
മിഠായി കിനാവിൽ നിറഞ്ഞ നേരം,
മാമുണ്ണാൻ മടിച്ചപ്പോൾ മാതാവിൻ -
പുഞ്ചിരി കൂട്ടായ് എത്തിയൊരോർമ്മ ..
എത്തിപ്പിടിക്കാൻ പറ്റുകില്ലല്ലോ ....

അഛനെ കണ്ട് ഭയന്ന നേരം
അമ്മ തൻ മറയത്തൊളിച്ചതില്ലെ ..
ആരാരും കാണാതെ കുസൃതി കാട്ടി-
ആലിൻ ചോട്ടിൽ ആശ്വാസം തേടിയ കാലം
എത്തിപ്പിടിക്കാൻ പറ്റുകയില്ലല്ലോ....

Shafi

പിന്നിട്ട *നാളുകൾ*.....

School Days

Growing up in this day and age
With free expression all the rage
Our young ones learn when staring
School That reading's fun and maths is
Cool While writing's not the least bit
boring it really is so much like drawing.
For every child it is essential
To realize their full potential
And teachers always do their best
To stimulate their interest.
When years of school days end at last
With all examinations passed,
Will the children reminisce
And say "Our school days we will miss"
And as the final day arrives,
They were the best days of our lives"

Savad

ഒടുവിൽ

രവി സാറിന് അത് വിശ്വസിക്കാൻ കഴിഞ്ഞില്ല വീട്ടിൽ എത്തിയിട്ടും അരുണിന്റെ ചിന്തയായിരുന്നു.അരുണിനെ കുറിച്ചുള്ള ചിന്തകൾ മനസിനെ ആകുലപ്പെടുത്തി ഭാര്യ അടുത്തിരുന്നു. "എന്താ ചേട്ടാ " ആ വാക്കുകൾ മനസിനെ സമധാനിപ്പിക്കുന്ന-തായിരുന്നു.ആ അധ്യാപക മനസൊന്നു വിതുമ്പി ആകെ പൊട്ടിത്തകർന്ന ആ മനസിലെ കളൻകം ആ അധ്യാപകനെ വീർപ്പു മുട്ടിച്ചു .

അദ്ദേഹം പറഞ്ഞു തുടങ്ങി "എടീ...എന്റെ അധ്യാപക ജീവിതത്തിൻ യാതൊരു അർതവുമില്ല"

" നിങ്ങളെന്താണ് ഉദ്ദേശിക്കുന്നത്"?

"എടീ ഞാൻ പഠിപ്പിച്ച ..."

പിന്നിലേക്കദ്ദേഹം ചിന്തിച്ചു തുടങ്ങി

അദ്ദേഹത്തിന്റെ അധ്യാപക ജീവിതത്തിലെ ഒരു ശിഷ്യനായിരുന്നു അരുൺ . പഠിക്കാൻ മിടുക്കനായിരുന്നു അരുൺ. ഒരു ദിനം അരുൺ ഓടിക്കിതച്ചു കൊണ്ട് ക്ലാസിൽ എത്തി. മലയാളം പഠിപ്പിക്കുകയായിരുന്ന സാർ അരുണിനെ ഒരു ക്രൂരജീവിയെ നോക്കുന്നത് പോലെ നോക്കി. ആകെ പരിഭ്രാന്തനായ അരുൺ ആകെ തളർന്നു.ശരീരം കൊണ്ട് മാത്രം തകർന്ന അവൻ മനസ്സ് കൊണ്ട് ഊന്നു വടി നഷ്ടപ്പെട്ടു.

ശകാരങ്ങൾക്ക് ചാകരയായി. എല്ലാറ്റിനുമൊടുവിൽ ആ മനസ്സ് വിതുമ്പിക്കരഞ്ഞു. ക്ലാസിൽ കയറി.

സയൻസ് എടുക്കാൻ രവി സാർ പറഞ്ഞു.പുസ്തകമെടുത്തു വാതിൽക്കൽ ആരൊ വന്നു. രവി സാർ അവരൊട് എന്തൊക്കെയൊ സംസാരിച്ചു.

എന്നിട്ട് പറഞ്ഞു "ആരാ സൂര്യയുടെ ബുക്ക് എടുത്തത് ഇത് സൂര്യയുടെ അമ്മാവനാണ്" .എല്ലാവരും നിശബ്ദമായി അമ്മാവൻ ക്ലാസിൽ പരതാൻ തുടങ്ങി. രവി സാറിന്റെ മകനും ആ ക്ലാസിലായിരുന്നു പഠിക്കുന്നത്.

രവി സാർ അമ്മാവന്റെ കണ്ണ്വെട്ടിച്ച് മകനോട് പറഞ്ഞു"നിന്റെ കൈലാണ് ബുക്കുള്ളത് എന്ന് എനിക്കറിയാം അത് താ അരുണിന്റെ ബേഗിൽ വെക്കാം" ആ പിതൃമനസ്സ് അതുതന്നെ ചെയതു.എല്ലാവരുടെയും മുന്നിൽ കുറ്റക്കാരനായി.

പിന്നീട് അരുണിനെ 8 വർഷങ്ങൾക്ക് ശേഷം അന്നായിരുന്നു രവി സാർ കാണുന്നത്.അരുണിന്റെ അവസ്ഥ രവിസാറിൻ സഹിക്കുന്നതില്ല-

മപ്പുറമായിരുന്നു.

പോലീസ് ജീപ്പിന്റെ പിറകു സീറ്റിൽ മറ്റു പോലീസുകാരുടെ കൂടെ ഒരു കള്ളനായിട്ടാണ് അരുൺ ഉള്ളത്. രവി സാർ അരുണിനോട് ജീപ്പിൽ കയറും മുൻപ് ചോദിച്ചു "എന്താ അരുൺ ഇതാരു കാരണമാണ് നീ..."
അരുണിൻ ആളെ പിടികിട്ടി ഒരു ഗർജനത്തോടെ അരുൺ ഉരുവിട്ടു "സാറെ സാർ കാരണമാ... അന്ന് എന്നെ ചെയ്യാത്ത കുറ്റത്തിന് കുറ്റക്കാരനാക്കി... ഞാൻ മാത്രം വിചാരിച്ചത് കൊണ്ട് എനിക്ക് നല്ല കുട്ടിയാകാൻ കഴിഞ്ഞില്ല. നിങ്ങളുടെയും മറ്റുള്ളവരുടെയും പരിഹാസം എന്നെ ഒരു കള്ളനാക്കാൻ പ്രചോദനം നൽകി".

ഭാര്യ രവി സാറിനെ തട്ടി വിളിച്ചു. ആകെ തളർന്ന രവി സാർ തന്റെ അവശത മറന്ന് ഭാര്യയോട് പറഞ്ഞു." ഞാൻ അരുണിനോട് അങ്ങനെ ചെയ്യരുതായിരുന്നു എന്തു ചെയ്യാൻ അവൻ എന്നെ വെറുക്കുന്നുണ്ടാവില്ലേ?. ഇതെല്ലാ അധ്യാപകൻമാർക്കും ഒരു പാഠമായിരിക്കട്ടെ..."

Mubashira

———